ഉത്തരം

(എ) പുതിയ പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. വാണിയംകുളം പഞ്ചായത്തിൽ ഇപ്പോൾ കോതയൂർ, ചെറുകാട്ട്പുലം, ചെള്ളിയാട് എന്നീ ശുദ്ധജല വിതരണ പദ്ധതികൾ നിലവിലുണ്ട്.

(ബി, സി & ഡി) ഉദിക്കുന്നില്ല.

ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ

88 (2000) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിക്ക് എത്ര ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ എവിടെയാണെന്നും എല്ലായിടത്തും ടെലിഫോൺ സൗകര്യങ്ങൾ ഉണ്ടോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 23 എണ്ണം.

(ബി) ഉത്തരമേഖലയിൽ വിദ്യനഗർ, കണ്ണൂർ, കോഴിക്കോട്, പൊന്നാനി, മുത്താന്തര, ചാലക്കുടി, ഗുരുവായൂർ എന്നീ സ്ഥലങ്ങളിൽ 7 എണ്ണം ഉണ്ട്. ഇതിൽ പൊന്നാനി ഒഴികെ മറ്റെല്ലായിടത്തും ടെലഫോൺ സൗകര്യങ്ങൾ ഉണ്ട്. മദ്ധ്യമേഖലയിൽ എറണാകുളത്തും, പുത്തൻകുരിശിൽ ചുണ്ടിയിലും രണ്ടെണ്ണമുണ്ട്. രണ്ടിടത്തും ടെലഫോൺ സൗകര്യമുണ്ട്. ദക്ഷിണ മേഖലയിൽ അരുവിക്കര, പേപ്പാറ, കൊല്ലം ശാസ്താംകോട്ട, ശബരിമലയിൽ പമ്പയിലും, സന്നിധാനത്തിലും, കോട്ടയം, വൈക്കം, ചങ്ങനാശ്ശേരി, തിരുവല്ല (രണ്ടെണ്ണം), ആലുപ്പുഴ പിറവം, തേക്കടി എന്നീ 14 സ്ഥലങ്ങളിൽ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉണ്ട്. ഇവയിൽ ശാസ്താംകോട്ടയിലും, തേക്കടിയിലും ടെലഫോൺ സൗകര്യമില്ല. ബാക്കി എല്ലായിടത്തും ടെലഫോൺ സൗകര്യം ഉണ്ട്.

ബ്ലാംതോട്-ബന്തടുക്ക-ഡാം-കം-ബ്രിഡ്ജ്

89 (2001) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പനത്തടി പഞ്ചായത്തിൽ പാണത്തൂർ പുഴയിൽ ബ്ലാംതോട്-ബന്തുടക്ക-ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly